**കേരള എക്സൈസ് വകുപ്പ്.**

**"മാതൃഭാഷ-മലയാളം"**

**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം, കേരള തിരുവനന്തപുരം.**

**(ഹാജർ : ആർ.ഗോപകുമാർ )**

വിഷയം : അബ്കാരി - 2025-26 വർഷത്തേക്ക് വിൽപ്പനയിൽ പോകാത്ത കള്ള് ഷാപ്പുകളും വിവിധ കാരണങ്ങളാൽ ലൈസൻസ് റദ്ദ് ചെയ്യപ്പെട്ടതുമായ കള്ള് ഷാപ്പുകളും 31.03.2026 വരെയുള്ള കാലയളവിലേക്ക് വിൽപ്പന നടത്തുന്നതിനുള്ള നടപടികളുടെ സമയക്രമം നിജപ്പെടുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം: 1.06.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ 654/2023)

2.04.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തീയതിയിലെ (SRO നമ്പർ 942/2023)

3.15.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ് (15.09.2023 തീയതിയിലെ SRO നമ്പർ 980/2023)

4.എക്സൈസ് കമ്മീഷണറുടെ 30.01.2026 തീയതിയിലെ EXC/405/2026-XA1 നമ്പർ കത്ത്.

5.തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 31.01.2026 തീയതിയിലെ EDOTVM/1086/2023-T4 നമ്പർ കത്ത്.

6.കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 31.01.2026 തീയതിയിലെ EDKLM/1358/2024-Q4 നമ്പർ കത്ത്.

7.പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 31.01.2026 തീയതിയിലെ ഡി.പി.1-1999/25 നമ്പർ കത്ത്.

8.ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 31.01.2026 തീയതിയിലെ EDOALP/323/2024-A1 നമ്പർ കത്ത്.

9.കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 31.01.2026 തീയതിയിലെ .EDOKTM/931/2024-K5 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ.EXC-SZ/406/2023-SZ3. തീയതി: 31-01-2026**

ദക്ഷിണ മേഖലയിലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ വിൽപ്പനയിൽ പോകാത്ത കള്ള് ഷാപ്പുകളും വിവിധ കാരണങ്ങളാൽ ലൈസൻസ് റദ്ദ് ചെയ്യപ്പെട്ടതുമായ കള്ള് ഷാപ്പുകളും 31.03.2026 വരെയുള്ള കാലയളവിലേക്ക് വിൽപ്പന നടത്തുവാൻ പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

പരാമർശം (5), (6), (7), (8) പ്രകാരം വിൽപ്പനയിൽ പോകാത്ത കള്ള് ഷാപ്പുകളും

വിവിധ കാരണങ്ങളാൽ ലൈസൻസ് റദ്ദ് ചെയ്യപ്പെട്ടതുമായ ദക്ഷിണമേഖലയിലെ കള്ള് ഷാപ്പുകളുടെ വിവരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ ടി വിൽപ്പനയിൽ ഉൾപ്പെടുത്തുന്നതിന് കള്ള്ഷാപ്പുകൾ ഒന്നും അവശേഷിക്കുന്നില്ല എന്ന് പരാമർശം (9) പ്രകാരം കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ടി കള്ള്ഷാപ്പ് വിൽപ്പന, 100% റെന്റലും, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അധിക റെന്റലും ഈടാക്കി ഓൺലൈൻ പ്ലാറ്റ്ഫോം (e-Toddy) വഴിയാണ് നടത്തുന്നത്. 2025-26 വർഷത്തിൽ One-Time Registration വിജയകരമായി പൂർത്തിയാക്കിയവർ ഈ വിൽപ്പനയിൽ പങ്കെടുക്കുന്നതിന് യോഗ്യരാണ്.

## <u>അപേക്ഷ സമർപ്പിക്കൽ</u>

2025-26 വർഷത്തിൽ One-Time Registration നടത്തിയവർ എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 03.02.2026 തീയതി മുതൽ 04.02.2026 തീയതി (24.00 hours) വരെ ഓൺലൈൻ (e- Toddy) മുഖേന അപേക്ഷകൾ സമർപ്പിക്കാവുന്നതും അതോടൊപ്പം ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ 100% റെന്റലും (Rental), സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അധിക റെന്റലും (Additional Rental) ചേർന്ന തുക Online Payment ചെയ്യേണ്ടതുമാണ്. **നിശ്ചയിച്ച സമയപരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

## <u>സൂക്ഷ്മ പരിശോധന</u>

ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഡിവിഷനിൽ ഓൺലൈൻ മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 05.02.2026 തീയതിയിൽ സൂക്ഷ്മപരിശോധന പൂർത്തിയാക്കി മേൽ പരാമർശ ഉത്തരവുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ നിയമാനുസരണ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സൂക്ഷ്മ പരിശോധനാ സമയം ടി ഗ്രൂപ്പ് കള്ള് ഷാപ്പുകൾ വിൽപ്പന നടത്തുന്നതിന് യാതൊരു തരത്തിലുള്ള തടസ്സങ്ങളും ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## <u>വിൽപ്പന നടപടികൾ</u>

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അംഗീകരിച്ച് യഥാക്രമം മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ (e-Toddy) സമർപ്പിക്കേണ്ടതാണ്. **06.02.2026** തീയതി രാവിലെ **11** മണി മുതൽ താഴെ പറഞ്ഞിരിക്കുന്ന ക്രമ പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന (through Online) വിൽപ്പന നടത്തി, താൽക്കാലിക വിജയിയെ ദക്ഷിണമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ Online Platform ൽ കൂടി പ്രഖ്യാപിക്കുന്നതാണ്. ആയതിലേക്ക് ഡിവിഷൻ, റേഞ്ച്, വിൽപ്പന തീയതി എന്നിവ ചുവടെ ചേർത്ത് ക്രമീകരിച്ച് ഉത്തരവാകുന്നു.

സാങ്കേതിക കാരണങ്ങൾ മൂലം തടസ്സം ഉണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശ ഉത്തരവുകളിലും മാർഗ്ഗ

നിർദ്ദേശങ്ങളിലും പറയുന്ന വിധം താൽക്കാലിക വിജയിയെ പ്രഖ്യാപിക്കുന്ന നടപടി youtube (https://youtube.com/@SouthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

| ക്രമ .നം | ജില്ല | സർക്കിൾ | റെയ്ഞ്ച് | ഗ്രൂപ്പ് | തീയതി/സമയം 11 A.M മണി മുതൽ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട് | നെടുമങ്ങാട് | I | 06.02.2026 |
| 2 | തിരുവനന്തപുരം | നെടുമങ്ങാട് | വാമനപുരം | II | 06.02.2026 |
| 3 | തിരുവനന്തപുരം | നെടുമങ്ങാട് | ആര്യനാട് | I | 06.02.2026 |
| 4 | തിരുവനന്തപുരം | ആറ്റിങ്ങൽ | ചിറയിൻകീഴ് | I | 06.02.2026 |
| 5 | തിരുവനന്തപുരം | ആറ്റിങ്ങൽ | ചിറയിൻകീഴ് | II | 06.02.2026 |
| 6 | തിരുവനന്തപുരം | ആറ്റിങ്ങൽ | കിളിമാനൂർ | I | 06.02.2026 |
| 7 | തിരുവനന്തപുരം | വർക്കല | വർക്കല | III | 06.02.2026 |
| 8 | കൊല്ലം | കൊല്ലം | കൊല്ലം | II | 06.02.2026 |
| 9 | കൊല്ലം | കൊല്ലം | കൊല്ലം | V | 06.02.2026 |
| 10 | കൊല്ലം | കൊട്ടാരക്കര | ചടയമംഗലം | I | 06.02.2026 |
| 11 | കൊല്ലം | കൊട്ടാരക്കര | ചടയമംഗലം | III | 06.02.2026 |
| 12 | കൊല്ലം | കൊട്ടാരക്കര | ചടയമംഗലം | IV | 06.02.2026 |
| 13. | പത്തനംതിട്ട | പത്തനംതിട്ട | പത്തനംതിട്ട | I | 06.02.2026 |
| 14 | പത്തനംതിട്ട | പത്തനംതിട്ട | പത്തനംതിട്ട | III | 06.02.2026 |
| 15 | പത്തനംതിട്ട | തിരുവല്ല | തിരുവല്ല | I | 06.02.2026 |
| 16. | ആലപ്പുഴ | കുട്ടനാട് | കുട്ടനാട് | V | 06.02.2026 |
| 17 | ആലപ്പുഴ | കുട്ടനാട് | കുട്ടനാട് | VII | 06.02.2026 |
| 18 | ആലപ്പുഴ | കുട്ടനാട് | കുട്ടനാട് | X | 06.02.2026 |
| 19 | ആലപ്പുഴ | കുട്ടനാട് | കുട്ടനാട് | XVI | 06.02.2026 |
| 20 | ആലപ്പുഴ | ആലപ്പുഴ | ആലപ്പുഴ | XVI | 06.02.2026 |

ബന്ധപ്പെട്ട എല്ലാ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും ടി കള്ള് ഷാപ്പ് വിൽപ്പന സംബന്ധിച്ച വിവരം പത്രമാദ്ധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതും ആവശ്യമായ പ്രചരണം നൽകേണ്ടതുമാണ്.

Digitally signed by
Gopakumar R
Date: 31-01-2026
15:48:49

GOPAKUMAR R
JOINT EXCISE COMMISSIONER

ഗ്രാഹകൻ: ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം
(അതത് ഡിവിഷനുകളിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും ടി വിവരം പരസ്യപ്പെടുത്തേണ്ടതാണ്.

പകർപ്പ്: 1. എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)

2. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) (ഉപരിപത്രം സഹിതം)

3. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) (ഉപരിപത്രം സഹിതം)

4. സൂപ്രണ്ട്/എക്സൈസ് ഇൻസ്പെക്ടർ ഐ.റ്റി സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം - നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ഓൺലൈൻ നടപടിക്രമങ്ങളുടെ സുഗമമായ നടത്തിപ്പിനും.

5. ഉത്തരവ് ഫയൽ/കരുതൽ ഫയൽ

ഭരണഭാഷ - മാതൃഭാഷ

മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ
കാര്യാലയം, എക്സൈസ് സോണൽ ഓഫീസ്, കച്ചേരിപ്പടി,
കൊച്ചി- 682018, ഫോൺ :0484 -2397839
ഇ-മെയിൽ : jeccz.exc@kerala.gov.in

ഫയൽ നമ്പർ: JECCZ/677/2022-CZ3 തീയതി: 31.01.2026

പ്രേഷിതൻ

ജോയിന്റ് എക്സൈസ് കമ്മീഷണർ
മദ്ധ്യമേഖല, കൊച്ചി

സ്വീകർത്താവ്

എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം : അബ്കാരി:-2023-26 വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച നടപടിക്രമം സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :
1) 01.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)
2) 04.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)
3) 15.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.
4) എക്സൈസ് കമ്മീഷണറുടെ 30.01.2026 തീയതിയിലെ EXC/405/2026-XA1 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിച്ചു കൊള്ളുന്നു. മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും സൂചന 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ വിൽപ്പന/പുനർവിൽപ്പനയുടെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അങ്ങയുടെ അറിവിലേക്കായി ഇതോടൊപ്പം സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

ജോയിൻറ് എക്സൈസ് കമ്മീഷണർ,
മദ്ധ്യമേഖല, കൊച്ചി.

## മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ : എസ് . കൃഷ്ണകുമാർ )**

വിഷയം:- അബ്കാരി:-2023-26 വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച് നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:-
1. 06.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)
2. 04.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)
3. 15.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.
4. എക്സൈസ് കമ്മീഷണറുടെ 30.01.2026 തീയതിയിലെ EXC/405/2026-XA1 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ JECCZ/677/2022-CZ3 തീയതി 31 .01 .2026

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ളതുമായ കള്ളുഷാപ്പുകളുടെ വിൽപ്പന/ പുനർവിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**അപേക്ഷ സമർപ്പിക്കൽ**

"One Time Registration" നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ **03.02.2026** മുതൽ **04.02.2026** തീയതി വരെ **"online"** മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ്-കളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental" എന്നിവ "online payment" ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 05.02.2026 തീയതി ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വിൽപ്പന നടപടികൾ

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 06.02.2026 തിയതിയിൽ രാവിലെ 11 AM ന് ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (https://youtube.com/@CentralZoneExcise) (ലിങ്ക് e toddy വെബ് സൈറ്റിൽ ലഭ്യമാണ്) -ൽ കൂടി വീക്ഷിക്കാവുന്നതാണ്.

### എറണാകുളം ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മട്ടാഞ്ചേരി | I | 06.02.2026 |
| 2 | ഞാറയ്ക്കൽ | I | 06.02.2026 |
| 3 | ഞാറയ്ക്കൽ | III | 06.02.2026 |
| 4 | ആലുവ | IV | 06.02.2026 |

### തൃശ്ശൂർ ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | കൊടുങ്ങല്ലൂർ | റേഞ്ച് | 06.02.2026 |
| 2 | തൃശ്ശൂർ | റേഞ്ച് | 06.02.2026 |
| 3 | കുന്ദംകുളം | III | 06.02.2026 |
| 4 | വാടനപ്പള്ളി | V | 06.02.2026 |

### പാലക്കാട് ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | ചിറ്റൂർ | VI | 06.02.2026 |
| 2 | തൃത്താല | III | 06.02.2026 |
| 3 | തൃത്താല | XII | 06.02.2026 |
| 4 | ചെർപ്പുളശ്ശേരി | X | 06.02.2026 |

എറണാകുളം ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജിജോയ് സി ജി , ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

ജോയിന്റ് എക്സൈസ് കമ്മീഷണർ
മദ്ധ്യമേഖല, എറണാകുളം

എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി)
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഉത്തരവ് ഫയൽ / കരുതൽ ഫയൽ

# കോഴിക്കോട് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: സുഗുണൻ. എം.)

വിഷയം:- അബ്കാരി- 2025-26 കാലയളവിലെ വിൽപ്പന നടക്കാത്തതും, റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ കള്ളുഷാപ്പുകളുടെ 14-ാം ഘട്ട ഇ-ടോഡി വിൽപ്പന സംബന്ധിച്ച നടപടികളുടെ സമയക്രമം നിജപ്പെടുത്തി - ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) ബഹു. എക്സൈസ് കമ്മീഷണറുടെ 03-05-2025 ലെ EXC/855/2024-XA1 (Part 4) നമ്പർ കത്ത്.

2) GO(P) No. 115/2023/Taxes, dated 4-9-23 (SRO-942/2023, dated 5-9-23)

3) ബഹു. എക്സൈസ് കമ്മീഷണറുടെ 30-01-2026 ലെ EXC/405/2026-XA1 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ JECNZ- 1066/2025/B തിയ്യതി 31-01-2026

മേൽ പരാമർശം (1)(2) സർക്കാർ ഉത്തരവുകളുടേയും പരാമർശം (3) മാർഗനിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2025-26 കാലയളവിലേക്ക് വില്പന നടക്കാത്തതും, പ്രിവിലേജ് റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ എക്സൈസ് ഡിവിഷനുകളിലെ കള്ള്ഷാപ്പുകളുടെ വില്പന/പുനർ വിൽപന നടപടിയുടെ അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടികളുടെ സമയക്രമം താഴെപറയും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**അപേക്ഷ സമർപ്പിക്കൽ**

One time registration നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റെയിഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ **03-02-2026 മുതൽ 04-02-2026** തീയ്യതി വരെ Online അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഗ്രൂപ്പുകളുടെ റെന്റൽ (50%) അഡീഷണൽ റെന്റൽ എന്നിവ ഓൺലൈൻ പെയ്മെന്റ് ചെയ്യേതാണ്. നിശ്ചയിച്ച സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 2025-26 സാമ്പത്തിക വർഷം ഇ-ടോഡി പ്ലാറ്റ് ഫോമിൽ One time registration ചെയ്തിട്ടുള്ളവർക്കോ പുതുക്കിയിട്ടുള്ളവർക്കോ മാത്രമാണ് ഈ ഓൺലൈൻ ലേല നടപടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

**സൂക്ഷ്മ പരിശോധന**

വില്പന നടക്കുന്ന ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിലെ ഓൺലൈൻ മുഖേന ലഭ്യമായ എല്ലാ **അപേക്ഷകളും 05-02-2026 ന് സൂക്ഷ്മ പരിശോധന** പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടേയും, മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേതാണ്.

**വില്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേതാണ്. **06-02-2026 തീയതി 11.00 A.M ന്** ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിൽപ്പന ആരംഭിച്ച് (നോട്ടിഫി

Scanned with OKEN Scanner

ക്കേഷൻ പ്രകാരം) ഓൺലൈൻ മുഖേന വില്പന വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർക്കുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വില്പന നടപടികളിൽ തടസമുണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും പറയുംവിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (http://youtube.com@NorthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | ഗ്രൂപ്പുകളുടെ നമ്പർ | തിയ്യതി |
|---|---|---|---|---|
| 1. | മലപ്പുറം | കാളികാവ് | II, VI | 06-02-2026 |
| | | തിരൂർ | II, III | |
| | | കുറ്റിപ്പുറം | II | |

കോഴിക്കോട് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. റിഷിത്ത് കുമാർ.ടി.വി, ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ആഷ് കുമാർ.എം.എൽ എന്നീ ഉദ്യോഗസ്ഥർ ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേതാണ്.

ജോയിന്റ് എക്സൈസ് കമ്മീഷണർ
ഉത്തരമേഖല, കോഴിക്കോട്.

<u>പകർപ്പ് സമർപ്പിക്കുന്നത് :</u>
എക്സൈസ് കമ്മീഷണർ (ഉ.പ. സഹിതം)

<u>പകർപ്പ്:</u>

1. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാം - കള്ളുഷാപ്പുകളുടെ വിൽപ്പന സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കി ലിസ്റ്റ് ഈ ഓഫീസിലേക്ക് അയച്ചുതരേതാണ്. ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലേയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേതാണ്.
2. ഇൻസ്പെക്ടർ (ഐ.ടി. സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)- നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
4. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, കോഴിക്കോട്, മഞ്ചേരി, നിലമ്പൂർ, തിരൂർ
5. ഉത്തരവ് ഫയൽ/കരുതൽ ഫയൽ.

Scanned with OKEN Scanner